# ടിഎംഎസ്സിന് സുവർണജൂബിലി; ടോമി കോക്കാട്ട്,രാജേന്ദ്രൻ തളപ്പത്ത്, റോയ് ജോർജ് നയിക്കും

ടൊറന്റോ: വടക്കൻ അമേരിക്കയിലെ ആദ്യകാല മലയാളി സംഘടനയായ ടൊറന്റോ മലയാളി സമാജത്തിന്റെ (ടിഎംഎസ്) പ്രസിഡന്റായി അറിയപ്പെടുന്ന സാമൂഹികപ്രവർത്തകനായ ടോമി കോക്കാട് തിരഞ്ഞെടുക്കപ്പെട്ടു. മൂന്നാംതവണയാണ് പ്രസിഡന്റാകുന്നത്. ട്രസ്റ്റി ബോർഡ് ചെയർമാനായിരുന്നു. സമാജം വൈസ് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, കമ്മിറ്റിയംഗം, ബോർഡ് ഓഫ് ട്രസ്റ്റി അംഗം തുടങ്ങിയ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. ഫൊക്കാന കമ്മിറ്റി അംഗം, ജോയിന്റ് സെക്രട്ടറി, ജോയിന്റ് ട്രഷറർ, ബോർഡ് ഓഫ് ട്രസ്റ്റീസ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള ടോമി, കഴിഞ്ഞവർഷത്തെ ഫൊക്കാന കൺവൻഷന്റെ ചെയർ ആയിരുന്നു. സിറോ മലബാർ സഭയുടെ കാനഡയിലെ ആദ്യ കൈക്കാരനും കമ്യൂണിറ്റി സർവീസിനുള്ള ഇത്തവണത്തെ ഇൻഡോ-അമേരിക്കൻ പ്രസ് ക്ളബ് അവാർഡ് ജേതാവുമാണ്.

സെക്രട്ടറി രാജേന്ദ്രൻ തളപ്പത്ത് മികച്ച സംഘാടകനും സമാജത്തിന്റെ സ്പോർട്സ് കൺവീനറും കമ്മിറ്റിയംഗവുമായിരുന്നു. ആദ്യമായാണ് സെക്രട്ടറിയാകുന്നത്. റോയി ജോർജ് കഴിഞ്ഞതവണയും ട്രഷററായിരുന്നു.

മറ്റു ഭാരവാഹികൾ.

പ്രവർത്തനത്തിന്റെ അൻപതാം വർഷത്തിലേക്ക് കടക്കുന്ന ടൊറന്റോ മലയാളി സമാജത്തിന്റെ ജൂബിലി ആഘോഷങ്ങൾ വർണശബളമാക്കുന്നതിന് പ്രഗത്ഭരായ ഒരു നിരയെയാണ് ഭാരവാഹികളായി തിരഞ്ഞെടുത്തിരിക്കുന്നത്.

മറ്റു ഭാരവാഹികൾ.
ഷിബു പി. ജോൺ (വൈസ് പ്രസിഡന്റ്), സന്തോഷ് ജേക്കബ് (ജോയിന്റ് സെക്രട്ടറി), സനീഷ് ജോസഫ് (ജോയിന്റ് ട്രഷറർ) എന്നിവരാണ് **ജെയിൻ ജോസഫ് (എൻറർടെയിൻറ്മെൻറ് കൺവീനർ) അമിത് മാത്യു (അസി. എൻറർടെയിൻറ്മെൻറ് കൺവീനർ) ഇസ്മയിൽ കുഴിച്ചാൽ (സ്പോർട്സ് കൺവീനർ) .**

കമ്മിറ്റി അംഗങ്ങൾ: **ബിനു കട്ടത്തറ, ബെലൻറ്**

മാത്യു, ഗീവർഗീസ് മത്തായി, ജോർജ് എസ്തപാനോസ്, ജോസി കാരക്കാട്ട്, കുര്യൻ സേവ്യർ, ലിസ് കൊച്ചുമ്മൻ, മനു മാത്യു, സങ്കമേശ്വരൻ ഐയ്യർ, സെബി ജോസഫ്

ബോർഡ് ഓഫ് ട്രസ്റ്റി: അലക്സാണ്ടർ പി. അലക്സാണ്ടർ ബിജു കട്ടത്തറ, ജോൺ പി. ജോൺ, സാബു കാട്ടുകുടിയിൽ, തോംസൺ ജോസഫ്, ടോമി ജോസഫ്

ഇന്റേണൽ ഓഡിറ്റേഴ്സ്: റോയി പൗലോസ്, സോണി മാത്യു.



ടോമി കോക്കാട്



രാജേന്ദ്രൻ തളപ്പത്ത്



റോയി ജോർജ്